"ഭരണഭാഷ-മാതൃഭാഷ"

No.DWCD/319/2022-ICDS A7

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-04-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിതശിശുവികസനഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ ശിശുവികസനപദ്ധതിആഫീസർമാർക്കും

സർ,

വിഷയം:- വനിതശിശുവികസനവകുപ്പ്- അങ്കണവാടി കെട്ടിടനിർമ്മാണം- സ്ഥലം ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന സത്യവാങ്മൂലം ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന:-

വനിതശിശുവികസന വകുപ്പിന്റെ വിവിധ കെട്ടിടനിർമ്മാണ പദ്ധതികളിലുൾപ്പെടുത്തി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണാനുമതി നൽകിവരുന്നു. എന്നാൽ നിർമ്മാണാനുമതി ലഭ്യമായശേഷം സ്ഥലം സംബന്ധമായ കാരണങ്ങളാൽ കെട്ടിടനിർമ്മാണം സാധ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകയാൽ അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ ലഭ്യമായിട്ടുള്ള സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നുള്ള പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സത്യവാങ്മൂലം കൂടി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ MGNREGS, Smart Anganwadi പദ്ധതികൾ പ്രകാരം കെട്ടിടിനിർമ്മാണാനുമതിയ്ക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ള പക്ഷം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സത്യവാങ്മൂലം കൂടി 15/05/2023 നകം ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Sendo

For വനിതശിശുവികസനഡയറക്ടർ